(സി) നിർമ്മാണമേഖലയ്ക്ക് ഉപയുക്തമായ മറ്റ് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് പഠനമെന്തെങ്കിലും നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നദികളിൽ നിന്ന് മണൽവാരുന്നതിന് CWRDM, NCESS എന്നിവ തയ്യാറാക്കിയ സാന്റ് ആഡിറ്റ് റിപ്പോർട്ട് ഉപയോഗപ്പെടുത്തി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ (SEIAA) നിന്ന് ആയതിനുള്ള അനുമതി നേടിയെടുക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്വാറി, മണൽ, മണ്ണ് എന്നിവയുടെ പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയിൽ മണൽ, പാറ എന്നിവയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ആൾട്ടർനേറ്റീവ് ടെക്നോളജികൾ അവലംബിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി സെന്റർ ബിൽഡിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ബി.ആർ.ഐ) പോലുള്ള ഗവേഷണ സ്ഥാപനങ്ങൾ അംഗീകരിച്ചതും നിർമ്മിതികേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നതുമായ മണ്ണുകൊണ്ടുള്ള ഇഷ്ടികകൾ, വേസ്റ്റിൽനിന്നും തള്ളുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചെടുക്കുന്ന rubble filler block -കൾ എന്നിവ ഉപയോഗിക്കുന്നത് കൂടുതൽ പ്രചരിപ്പിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം മാതൃകാ പ്രവർത്തനം നടത്തുന്നതാണ്.

(സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ്സ് എന്ന ഗവേഷണ സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പി.എസ്.സി.-യുടെ പുതിയ വെബ്സൈറ്റ്

66 (7625) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യുടെ പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതുവരെ പഴയ സൈറ്റിന്റെ പ്രവർത്തനം തുടരുമോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ വെബ്സൈറ്റിനെ സംബന്ധിച്ചുള്ള അവബോധം ഉദ്യോഗാർത്ഥികൾക്കിടയിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പി.എസ്.സി.-യുടെ പുതിയ ഔദ്യോഗിക വെബ് സൈറ്റ് (www.keralapsc.gov.in) 4-2-2013 മുതൽ പ്രവർത്തനമാരംഭിച്ചു.

(ബി) ഉണ്ട്. പി.എസ്.സി.-യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തെ അറിയിക്കേണ്ട എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ദിനംതോറും നടത്തുന്ന അപ്ഡേഷൻ പ്രക്രിയയിലൂടെ ഉദ്യോഗാർത്ഥികൾക്ക് വിവരങ്ങൾ കാലതാമസമില്ലാതെ ലഭിക്കുന്നു.

(സി) ഇല്ല. 3-9-2003-ൽ പ്രവർത്തനമാരംഭിച്ച പഴയ വെബ്സൈറ്റിന്റെ കാലാവധി 31-1-2014-ൽ അവസാനിപ്പിച്ചു.

(ഡി) 4-2-2013-ൽ നടന്ന പുതിയ വെബ്സൈറ്റിന്റെ ഉദ്ഘാടനം സംബന്ധിച്ച് വിവിധ ദൃശ്യ-ശ്രവ്യ-മുദ്രണ മാധ്യമങ്ങളിൽ വലിയ പ്രചാരം നൽകിയിരുന്നു.

ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

67 (7626) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഒഴിവുകൾ ഇ-മെയിൽവഴി പി.എസ്.സി.-യെ അറിയിക്കുവാനും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും ഈ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly